**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3479** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ഹരിതകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുന്ന പച്ചത്തുരുത്ത് പദ്ധതിയിൽ, ഇരിക്കൂർ മണ്ഡലത്തിൽ തദ്ദേശ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയതനുസരിച്ച് ഉദയഗിരി പഞ്ചായത്തിൽ നാലും, ചെങ്ങളായി പഞ്ചായത്തിൽ രണ്ടും, ആലക്കോട് പഞ്ചായത്തിൽ ഒന്നും പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. കൂടാതെ സ്മൃതിവനം പദ്ധതിയുടെ ഭാഗമായി മരിച്ചവരുടെ ഓർമ്മയ്ക്കായി വൃക്ഷത്തൈകൾ പച്ചത്തുരുത്തിൽ നട്ടുവരുന്നു. പയ്യാവൂരിൽ മിയാവാക്കി മാതൃകയിൽ 5 ഏക്കർ സ്ഥലത്ത് മുള, മരുത്, ആഞ്ഞിലി, പ്ലാവ്, മാവ്, നാരകം മുതലായവ നട്ടു പിടിപ്പിക്കുകയും ശീമക്കൊന്ന ഉപയോഗിച്ച് ജൈവവേലി നിർമ്മിക്കുകയും എരുവേശ്ശി പഞ്ചായത്തിൽ വന വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുകയും ചെയ്തു. ഹരിത ഗ്രാമം പദ്ധതിയുടെ ഭാഗമായി പച്ചക്കറി തൈകൾ വിതരണം, അജൈവ മാലിന്യ ശേഖരണത്തിന് തദ്ദേശ സ്ഥാപനങ്ങളിൽ നേതൃത്വം കൊടുക്കുന്ന ഫീൽഡ് തല സംവിധാനമായ ഹരിതകർമ്മസേനയുടെയും, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിൽ വിദഗ്ധ പരിശീലനം നേടിയ 202 ഹരിതകർമ്മ സേനാ അംഗങ്ങളും, ഇരിക്കൂർ മണ്ഡലത്തിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും സജീവ പ്രവർത്തനത്തിനായി രംഗത്തുണ്ട്. മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ (MCF) സ്ഥാപിച്ചിട്ടുണ്ട്. 46 മിനി എം.സി.എഫുകൾ വാർഡ് തലത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കുപ്പികൾ പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്നത് തടയുന്നതിനായി |

| | | | |
|---|---|---|---|
| | | | ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ 32ബോട്ടിൽ ബൂത്തുകൾ ഉണ്ട്. കൂടാതെ 20 സോക് പിറ്റും 15 കമ്പോസ്റ്റ് പിറ്റും നിർമ്മിച്ചു. കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്ന പച്ചക്കറി കൃഷി വികസനം, നെൽകൃഷി വികസനം, പഴവർഗ കൃഷി വികസനം, ജൈവകൃഷി ഉത്തമ കൃഷി രീതികളും, നാടൻ വിത്തിനങ്ങളുടെ ജൈവ സംരക്ഷണവും പ്രോത്സാഹനവും, പി.കെ.വി.വൈ എന്നീ പദ്ധതികളും ഇരിക്കൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ? | (ബി) | കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന തരിശു നെൽകൃഷിക്ക് 0.24 ലക്ഷം രൂപയും സുസ്ഥിര നെൽകൃഷി വികസനത്തിന് 1.17282 ലക്ഷം രൂപയും, പാടശേഖര സമിതികൾക്കുള്ള സഹായമായി 0.1008 ലക്ഷം രൂപയും കര നെൽകൃഷിക്കായി 1.224 ലക്ഷം രൂപയും മണ്ണ് പരിപോഷണത്തിനുള്ള കുമ്മായ വിതരണത്തിനായി 0.495 ലക്ഷം രൂപയും തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ അനുവദിച്ചിട്ടുണ്ട്. ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ തരിശു നെൽകൃഷിക്ക് 0.4 ലക്ഷം രൂപയും സുസ്ഥിര നെൽകൃഷി വികസനത്തിന് 3.025 ലക്ഷം രൂപയും, പാടശേഖര സമിതികൾക്കുള്ള സഹായമായി 0.18 ലക്ഷം രൂപയും കര നെൽകൃഷിക്കായി 0.7888 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിത്ത്, തൈ, സ്പ്രേയർ, പമ്പ് സെറ്റ്, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പന്തൽ കൃഷി, ഗ്രോ ബാഗ് കൃഷി, മഴമറ എന്നിവയ്ക്കായി തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ 11.32 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ 12.425 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിൽ തരിശു നില പച്ചക്കറി കൃഷിക്കായി തളിപ്പറമ്പ ബ്ലോക്ക് പരിധിയൽ 1.28 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്കിന് 0.6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി (BPKP) തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ 9.25 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ 6.9375 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ജൈവ കൃഷി പദ്ധതിയുടെ ഭാഗമായി തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ 0.25 ലക്ഷം രൂപയും കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന തളിപ്പറമ്പ ബ്ലോക്ക് പരിധിയിൽ 2 ലക്ഷം രൂപയും ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ 4 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പയ്യാവൂർ പഞ്ചായത്തിൽ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന കല്ല് |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് 16 കി.മി. നീളത്തിൽ കല്ലുകയ്യാല നിർമ്മിക്കുന്നു. 16000 മഴകുഴികൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. നടുവിൽ പാത്തൻ- പാറ എന്ന സ്ഥലത്ത് പച്ചത്തുരുത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ചെങ്ങളായി പഞ്ചായത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് 2 പച്ചത്തുരുത്ത് നിർമ്മിക്കുവാനും കിരാത്ത്, നെല്ലിക്കുന്ന് എന്നീ സ്ഥലങ്ങളിൽ ജൈവ വൈവിധ്യ പാർക്കും നിർമ്മിക്കുന്നു. ചെങ്ങളായി ഇരുവട്ടി എന്ന സ്ഥലത്ത് മേൽപ്പാലം. തടയണ നിർമ്മാണം, പാർക്ക് എന്നിവ നിർമ്മിക്കുന്നു. മണ്ണ് സംരക്ഷണ പ്രവർത്തികൾക്കായി എരുവേശ്ശി, പയ്യാവൂർ പഞ്ചായത്തുകളിലെ മൂന്ന് വാർഡുകളിൽ ആടാംപാറ വാട്ടർഷെഡ് ഡെവലപ്മെന്റ് പദ്ധതി നടത്തി വരുന്നു. RIDF-20 tranche യിൽ ഉൾപ്പെടുത്തി 2.05 കോടി രൂപയുടെ പ്രോജക്റ്റ് നടപ്പിലാക്കി വരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്കായി പഴവർഗങ്ങളുടെ നടീൽ വസ്തു വിതരണം, കല്ല് കയ്യാല നിർമ്മാണം എന്നിവയും നടപ്പിലാക്കി വരുന്നു. പൊതു സ്ഥലങ്ങളിൽ പെർകൊലേഷൻ ടാങ്കുകൾ, ചെക്കുഡാമുകൾ, ക്രോസ് ബണ്ടുകൾ, കുളങ്ങൾ, തോട് സംരക്ഷണം എന്നീ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. കണ്ണൂർ ജില്ലയിലെ 16 ഗ്രാമ പഞ്ചായത്തുകളിൽ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ മൂന്ന് വർഷത്തിനകം നടപ്പിലാക്കാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ മണ്ഡലത്തിലെ ചെങ്ങളായി, പയ്യാവൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ സമഗ്ര ശുചിത്വ പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. കാർബൺ ന്യൂട്രൽ ലക്ഷ്യത്തോടെ ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെയും കണ്ണൂർ സർവ്വകലാശാലയുടെയും സഹകരണത്തോടെ വിശദമായ പദ്ധതി രേഖ തയ്യാറായി വരികയാണ്. |

സെക്ഷൻ ഓഫീസർ